GOVERNMENT OF KERALA
AGRICULTURE DEVELOPMENT AND FARMERS' WELFARE DEPARTMENT

**FARM INFORMATION BUREAU**

Kowdiar, Thiruvananthapuram – 695003
**Website:** fibkerala.gov.in
**E-mail:**piofibtvm@gmail.com
**Telephone:** 0471 – 2318186, 2317314

Press Release

PR.114/2025 16.12.2025

## സംസ്ഥാന ജന്തു രോഗ നിയന്ത്രണ പദ്ധതി –

## സംയുക്ത വാക്സിനേഷൻ പ്രോഗ്രാം ഇന്ന് മുതൽ

തിരുവനന്തപുരം: സംസ്ഥാനത്ത് കുളമ്പുരോഗ നിയന്ത്രണ പദ്ധതി ഏഴാം ഘട്ടം, ചർമ്മമുഴരോഗ പ്രതിരോധ കുത്തിവയ്പ്പ് (മൂന്നാം ഘട്ടം), എന്നിവയുടെ സംയുക്ത വാക്സിനേഷൻ പ്രോഗ്രാം 2025, ഡിസംബർ 17 മുതൽ 2026 ജനുവരി 23 വരെ സംഘടിപ്പിക്കും. "കന്നുകാലികളുടെ ആരോഗ്യത്തെയും ഉൽപ്പാദനക്ഷമതയെയും സാരമായി ബാധിക്കുന്ന സാംക്രമികവൈറൽ രോഗങ്ങളായ കുളമ്പുരോഗം/Foot and Mouth Disease (FMD), ചർമ്മമുഴരോഗം Lumpy Skin Disease (SD) കുളമ്പുരോഗം എന്നിങ്ങനെ കന്നുകാലികളിൽ പാൽ ഉൽപാദനവും ശരീരഭാരവും പ്രത്യുൽപാദന ശേഷിയും ഗണ്യമായി കുറയ്ക്കുകയും അതുവഴി ഗുരുതരമായ ഉൽപാദന നഷ്ടങ്ങൾ ഉണ്ടാക്കുകയും ചെയ്യുന്ന രോഗങ്ങൾക്കെതിരെയാണ് വാക്സിനേഷൻ സംഘടിപ്പിച്ചിരിക്കുന്നത്. ചർമ്മമുഴരോഗം കന്നുകാലികളുടെ ശരീരമാസകലം ഉയർന്ന മുഴകൾ skin nodules) രൂപപ്പെടുത്തുന്നതിനൊപ്പം പനിയും പാൽ ഉൽപാദനത്തിലെ കുറവും ഉണ്ടാക്കുന്നു. രണ്ടു രോഗങ്ങളും ജന്തുജന്യ രോഗങ്ങളല്ല എന്നാൽ തിവ്രതയോടെ വന്നാൽ ഈ രോഗങ്ങൾ കേരളത്തിലെ കന്നുകാലി സമ്പത്തിനെ ബാധിക്കുകയും കർഷകർക്ക് വലിയ സാമ്പത്തിക നഷ്ടങ്ങൾ ഉണ്ടാക്കുകയും ചെയ്യും. വൈറൽ രോഗങ്ങളായതിനാൽ കൃത്യമായ ചികിത്സ ഈ മോഗങ്ങൾക്കില്ല, എന്നാൽ ശാസ്ത്രീയ നിയന്ത്രണ മാർഗങ്ങൾ പാലിച്ചുകൊണ്ട് രോഗത്തിന്റെ തീവ്രത കുറയ്ക്കാനും വ്യാപനം തടയാനും സാധിക്കുന്നതാണ്. സമയബന്ധിതമായ പ്രതിരോധ കുത്തിവെയ്പ്പാണ് ഈ രോഗങ്ങളുടെ പ്രധാന നിയന്ത്രണ മാർഗ്ഗം"

**കുളമ്പുരോഗ പ്രതിരോധ കുത്തിവെയ്പ്പ്**

4 മാസം മുതൽ 5 മാസം വരെ പ്രായമുള്ള പശു എരുമക്കുട്ടികൾക്ക് ആദ്യ ഡോസ് നൽകി 28 മുതൽ 35 ദിവസത്തിനുള്ളിൽ ബൂസ്റ്റർ ഡോസും എടുക്കേണ്ടതാണ്.

4 മാസത്തിൽ താഴെയുള്ള പശു/ കാളക്കുട്ടികൾ, ഗർഭാവസ്ഥയുടെ അവസാന മൂന്ന് മാസങ്ങളിലുള്ള മൃഗങ്ങൾ, രോഗബാധിതരായ മൃഗങ്ങൾ, എന്നിവ വാക്സിനേഷനു യോഗ്യരല്ല.

**ചർമ്മമുഴരോഗ പ്രതിരോധ കുത്തിവെയ്പ്പ്**

LSD വാക്സിൻ കന്നുകാലികൾക്ക് മാത്രമാണ് നൽകുന്നത് (എരുമ വർഗത്തിന്ന് നൽകേണ്ടതില്ല).

4 മാസമോ അതിൽ കൂടുതലോ പ്രായമുള്ള ആരോഗ്യമുള്ള കന്നുകാലികൾക്ക് LSD പ്രതിരോധ കുത്തിവയ്പ്പ് നൽകാം.

ഗർഭിണികളായ മൃഗങ്ങൾക്ക് ഗർഭാവസ്ഥയുടെ ഏത് ഘട്ടത്തിലും LSD ക്കെതിരെ സുരക്ഷിതമായി പ്രതിരോധ കുത്തിവയ്പ്പ് നൽകാം.

രോഗബാധിതരായ മൃഗങ്ങൾ, 4 മാസത്തിൽ താഴെയുള്ള മൃഗങ്ങൾ, കഴിഞ്ഞ മൂന്ന് മാസത്തിനുള്ളിൽ LSD വാക്സിൻ സ്വീകരിച്ച മൃഗങ്ങൾ (കണ്ടെയ്ൻമെന്റ് വാക്സിനേഷന്റെ ഭാഗമായി) എന്നിവയ്ക്ക് ഈ ക്യാമ്പെയ്ൻ വേളയിൽ LSD-ക്കെതിരെ പ്രതിരോധ കുത്തിവയ്പ്പ് നൽകേണ്ടതില്ല.

മൃഗസംരക്ഷണ വകുപ്പിലെ ലൈവ്സ്റ്റോക്ക് ഇൻസ്പെക്ടർമാരും, അറ്റന്റർമാരും വീടുകളിൽ എത്തി സൗജന്യമായി പ്രതിരോധ കുത്തി വെയ്പ്പ് വളർത്തു മൃഗങ്ങൾക്ക് നൽകുന്നതാണ്. ഈ ക്യാമ്പയിന്റെ ഭാഗമായി കർഷകർ കേന്ദ്ര സർക്കാരിന്റെ Bharat Pashudhan Portal വഴി കർഷക രജിസ്ട്രേഷനും, അനിമൽ രജിസ്ട്രേഷനും വീടുകളിൽ എത്തുന്ന വാക്സിനേറ്റർമാർ മുഖേന ഉറപ്പാക്കേണ്ടതാണ്. രജിസ്ട്രേഷൻ പൂർത്തിയാക്കുന്നതിനായി തങ്ങളുടെ ആധാറുമായി ബന്ധപ്പെട്ട മൊബൈൽ നമ്പറിലേക്ക് ലഭിക്കുന്ന OTP വാക്സിനേറ്റർമാർക്ക് നൽകുന്നതിൽ കർഷകർ പൂർണ്ണ സഹകരണം നൽകണമെന്ന് സംസ്ഥാന ജന്തു രോഗ നിയന്ത്രണ പദ്ധതി പ്രോജക്ട് കോർഡിനേറ്റർ അറിയിച്ചു.

**പ്രിൻസിപ്പൽ ഇൻഫർമേഷൻ ഓഫീസർ**